# അക്കാദമിക മാസ്റ്റർ പ്ലാൻ

# St. Mary's LP School Thuravoor

## സ്കൂൾ വിവരങ്ങൾ

1. ജില്ല : എറണാകുളം
2. സ്കൂളിന്റെ കോഡ് : 25440
3. സ്കൂളിന്റെ പേര് : സെന്റ് മേരീസ് എൽ.പി. എസ്. തുറവൂർ
4. മേൽവിലാസം : തുറവൂർ പി.ഒ. പിൻ. 683586
5. ഫോൺ നമ്പർ : 9048741245
6. ഇ-മെയിൽ അഡ്രസ് : stmaryslpsthuravoor@gmail.com.
7. ഗ്രാമപഞ്ചായത്ത് : തുറവൂർ
8. വിദ്യാഭ്യാസ ജില്ല : ആലുവ
9. സബ് ജില്ല : അങ്കമാലി
10. ക്ലാസുകൾ : 1 മുതൽ 4 വരെ.
11. മാനേജ്മെന്റ് :
12. പഠനമാധ്യമം : മലയാളം

ആമുഖം :

എറണാകുളം ജില്ലയിലെ കടലോര മേഖലയോടു ചേർന്നു കിടക്കുന്ന കുമ്പളങ്ങി ഗ്രാമപ്രദേശത്തിലാണ് നമ്മുടെ ഗവൺമെന്റ് ഗവ. യു.പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. മത്സ്യത്തൊഴിലാളികളിൽ ഭൂരിപക്ഷം നിർധനരായ തൊഴിലാളികളും സ്കൂളിനു ചുറ്റുമുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ആശയം പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരു പോലെ മികവ് നിലനിർത്താൻ ശ്രമിക്കാറുണ്ട്.

Inclusive Education : എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ സ്വീകരിച്ചു നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികളുടെ ഉന്നമനം സാധിക്കുന്ന വിധം

ങ്ങളായ പ്രശ്നങ്ങളിൽ പരിഹാരമായി കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും അപ്പപ്പോൾ പോരായ്മകൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതു വിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്ത മുന്നേറ്റത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങളൊരുക്കുന്നതിന് പി.ടി.എ ഇടപെടലും പൂർവ്വവിദ്യാർത്ഥികൾ, നാട്ടുകാർ, പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണ്ണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു. കൂടാതെ ശിശുസൗഹൃദപരമായ പഠനാന്തരീക്ഷം സ്കൂളിന്റെ മുഖമുദ്രയാണ്.

കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.

## അക്കാദമികം

### നേട്ടങ്ങൾ

കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് കുട്ടികളിൽ കലാകായിക മത്സരരംഗത്ത് മികച്ച വിജയം നേടാനും അതുവഴി സ്കൂളിന്റെ യശസ്സ് വാനോളം ഉയർത്താനും സാധിച്ചു. ഉപജില്ലാതലത്തിൽ എല്ലാ തരം മത്സരങ്ങളിലും പങ്കെടുത്ത് പങ്കാളിത്തം ഉറപ്പുവരുത്തുക എന്നതിലുപരി സ്കൂളിന്റേതായ വ്യക്തിമുദ്ര ഓരോ രംഗത്തും പതിപ്പിക്കാൻ നമ്മുടെ സ്കൂളിനു സാധിച്ചിട്ടുണ്ട്.

## അക്കാദമികം

### പരിമിതികൾ

ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ഏറ്റവും കൂടുതൽ കുട്ടികൾ മികച്ച വിജയം നേടുന്നു.

എങ്കിലും എല്ലാ ക്ലാസ്മുറികളും ഹൈടെക് നിലവാരത്തിലേക്കുയർന്നില്ല എന്നത് എടുത്തു പറയാവുന്ന ഒരു പരിമിതിയാണ്. ഗണിത ലാബ്, സയൻസ് ലാബ് തുടങ്ങി പ്രത്യേക പഠനമൂലകളുടെ പരിമിതിയുമുണ്ട്. ഐ.ടി പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനായി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## ഭൗതികം

### നേട്ടങ്ങൾ

ക്ലാസ് മുറികൾ മനോഹരമായ നിറങ്ങൾ നൽകി മോടി പിടിപ്പിച്ചിട്ടുണ്ട്. വൈ ഫൈ സംവിധാനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ സ്ഥാപിച്ചിട്ടുണ്ട്.

കുട്ടികൾക്ക് വായനയ്ക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായി കിന്റർ ഗാർഡൻ, ലോവർ പ്രൈമറി സെക്ഷനുകളായി വേർതിരിച്ചു ഒരുക്കിയിട്ടുണ്ട്.

## ഭൗതികം

### പരിമിതികൾ

നിലവിലുള്ള ക്ലാസ് മുറികൾ ഹൈടെക് നിലവാരത്തിലേക്കുയരണം. ആധുനിക നിലവാരത്തിലുള്ള ഇരിപ്പിടങ്ങളാക്കി മാറ്റുന്നത് ഗുണം ചെയ്യും.

കുട്ടികളുടെ കലാവാസനകൾ ഉണർത്താനുള്ള സംഗീത ഉപകരണങ്ങൾ (സംഗീതം ഉൾപ്പെടെ) പ്രത്യേക റൂം സൗകര്യം ഒരുക്കണം.

## സാമൂഹികം

### നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം,

ട്രാഫിക് നിയന്ത്രണം, കുട്ടികളുടെ നേതൃത്വത്തിൽ ശുചിത്വ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികളെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റിയവയുമാണ്.

## പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠനസമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാനുള്ള പരിമിതി ഉണ്ട്.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാശേഷി വർദ്ധിപ്പിക്കൽ

5. പ്രതിഭാപോഷണ പരിപാടി

6. പഠനയാത്രകൾ

7. ലൈബ്രറി ശാക്തീകരണം

8. ജൈവ വൈവിധ്യ പാർക്ക് - ഉദ്യാനം

9. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

10. സ്കൂൾ പത്രം

11. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം

12. പ്രവൃത്തി പരിചയ പരിശീലനം

13. കലാ പ്രതിഭാപോഷണം

14. പച്ചക്കറിത്തോട്ടം

15. സാഹിത്യശില്പശാലകൾ

16. മെഡിക്കൽ ക്യാമ്പ്

17. സ്കൂൾ ബ്ലോഗ് രൂപീകരണം

18. ടാലന്റ് ലാബ്

19. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ

20. ഗവേഷണാത്മക പഠനം

21. ഭാഷിക ശേഷി വികസനം

22. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

23. ഐ.ടി. പഠനം കാര്യക്ഷമമാക്കൽ

24. ചോദ്യപേപ്പർ ശില്പശാല

25. പ്രവൃത്തി പരിചയ മേളകൾ

26. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

## പ്രവർത്തനം - വിശദാംശങ്ങൾ

### ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം

### പ്രവർത്തനം 1 - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | 1) ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ 2) ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ | എല്ലാ ക്ലാസും | ബന്ധപ്പെട്ട ടീച്ചർ | |

| | | | | |
|---|---|---|---|---|
| | 3) ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി മാറിമാറി ഓരോ ക്ലാസിനും ചുമതല | ആഴ്ചയിൽ ഒരുദിവസം | ക്ലാസ് ടീച്ചർ | |
| | 4) ഇംഗ്ലീഷിൽ ഡയറി എഴുത്ത് ഓരോ കുട്ടിയും | എല്ലാ ദിവസവും | ഇംഗ്ലീഷ് അധ്യാപകർ | |

ഉപമേഖല - ഇംഗ്ലീഷ്

പ്രവർത്തനം : 2 ഇംഗ്ലീഷ് തീയറ്റർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മകശേഷി വികസനം | 1) ഇംഗ്ലീഷ് കഥ, കവിത - രചന ക്യാമ്പ് ഉൽപന്നങ്ങൾ - പ്രസിദ്ധീകരിക്കൽ (PTA ഫണ്ടിങ്ങൽ) | 3 മാസത്തിൽ ഒരിക്കൽ - ഒരു വർഷം | ഇംഗ്ലീഷ് ടീച്ചർ | 2000/- പി.ടി.എ പ്രാദേശിക സഹായം |

| | | | | |
|---|---|---|---|---|
| | 2) ഇംഗ്ലീഷ് ന്യൂസ് റീഡിംഗ് | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | – |
| • വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധികസമയം കണ്ടെത്തി വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ആഴ്ചയിൽ രണ്ടു ദിവസം | മികച്ച ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ 1000/- for refreshment |
| • വായന പരിപോഷിപ്പിക്കൽ | ക്ലാസിലെ ബോർഡിൽ ഇംഗ്ലീഷ് ഉദ്ധരണികൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | – |

## ഉപമേഖല – മലയാളം

## പ്രവർത്തനം – 1 – ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം<br>-ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1) അക്ഷരം ഉറപ്പിക്കൽ<br>2) ചിഹ്നം ഉറപ്പിക്കൽ<br>3) പദ നിർമ്മാണം<br>4) വാക്യനിർമ്മാണം<br>5) ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം<br>1 വർഷകാലം | മലയാളം ടീച്ചർ, SRG | PTA |
| 2) എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. ക്ലാസ് തല ലൈബ്രറി നവീകരിക്കൽ<br>3. ക്ലാസ് നിലവാരാവശ്യത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ | 6 മാസം-<br>1 വർഷം | മലയാളം ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| | 4) സ്കൂൾ ലൈബ്രറി നവീകരണം<br>5) റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>6) ജന്മദിന പുസ്തകം<br>7) പത്രവായന | 6 മാസം -1 വർഷം | മലയാളം ടീച്ചർ | PTA |

## ഉപമേഖല

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| 1. പത്രവായന പരിപോഷിപ്പിക്കുക | പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർ ഷിപ്പിലൂടെ ലഭ്യമാക്കൽ<br>- ഓരോ ക്ലാസിനും ഓരോ പത്രം | 3 മാസം | മലയാളം ടീച്ചർ | PTA |
| | - പ്രധാന പത്ര വാർത്തകളുടെ അവതരണം | ദിവസേന | മലയാളം അധ്യാപകർ | PTA |

| | | | | |
|---|---|---|---|---|
| 2. സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ | വർഷത്തിൽ 1 തവണ | SRG | PTA |
| | കവിതാലാപന മത്സരം | മാസത്തിൽ ഒരുതവണ | SRG | PTA |
| | അമ്മമാർക്കും പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വഴി) | ആഴ്ചയിൽ ഒരിക്കൽ | SRG | PTA |

## ഉപമേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | SRG | — |

## ഉപമേഖല - പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്രസ്മാരകങ്ങൾ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്ര സ്മാരകങ്ങൾ | വർഷത്തിൽ ഒരു തവണ | ടീച്ചേഴ്സ് | PTA |

| | | | | |
|---|---|---|---|---|
| മ്യൂസിയങ്ങൾ, കോട്ടകൾ തുടങ്ങിയവയെ കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | | | |

ഉപമേഖല - ആരോഗ്യമുള്ള ശരീരം, മനസ്സ് രൂപപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ, വിദ്യാഭ്യാസംമല ബോധവാക്കൽ | കരാട്ടെ തുടങ്ങിയവയിൽ പരിശീലനം | ആഴ്ചയിൽ രണ്ടുദിവസം | അധ്യാപകർ | വിദ്യാഭ്യാസ വകുപ്പ് |

## ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ വഴി പരീക്ഷയിലൂടെ ലഭ്യമാക്കൽ | LSS ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ | 1 വർഷത്തിൽ 3 മാസം | ക്ലാസ് ടീച്ചർ | — |

## മേഖല - അക്കാദമികം - സാമൂഹികം

## ഉപമേഖല : CPTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ | CPTA യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ പഠനോത്പന്നങ്ങൾ, എത്താതെ പോയ പഠനനേട്ടങ്ങൾ എന്നിവയുടെ അവതരണം | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ, SRG | — |

| | | | | |
|---|---|---|---|---|
| നിരീക്ഷിയാനും മുന്നോട്ടേത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും | CPTA യിൽ. | | | |

## ഉപമേഖല : പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ | ജൈവവൈവിധ്യ പാർക്ക് വിപുലീകരണം | 3 മാസം | ഇക്കോ ക്ലബ്ബ് | പി.ടി.എ. |
| 2. ഫലവൃക്ഷത്തൈ സംരക്ഷണം | സ്കൂൾ മുറ്റത്തെ ഫലവൃക്ഷത്തൈ സംരക്ഷണമൊരുക്കൽ | എല്ലാ ദിവസവും | ഇക്കോ ക്ലബ്ബ് | — |

## ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിത പഠനപ്രവർത്തനങ്ങൾ ലളിതമാക്കൽ | 1. കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കൽ | | പി.ടി.എ, ഗണിത ടീച്ചർ | |

| | | | | |
|---|---|---|---|---|
| 2. ഗണിതത്തിലെ അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കൽ | 1. വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ 1-ാം മാസം | ഗണിത ടീച്ചർ | പി.ടി.എ. |
| | 2) ക്ലാസിലെ ഗണിതത്തിൽ മികവുള്ളവരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ 1-30 മാസം | ഗണിത ടീച്ചർ | - |

## ഉപമേഖല - പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി ഉല്പന്നങ്ങൾ നിർമ്മിക്കുന്നു. | 1 വർഷത്തിൽ 1 മാസം | SRG | തദ്ദേശ സ്വയംഭരണ സ്ഥാപനം |

## ഉപമേഖല – കലാരംഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാമികവുള്ളവരെ കണ്ടെത്തി പരിശീലനം നൽകൽ | സംഗീതത്തിലും മറ്റ് കലാവാസനകളിലും താൽപര്യമുള്ള കുട്ടികൾക്ക് പരിശീലനം നൽകൽ | ആഴ്ചയിൽ 2 ദിവസം ഒരു വർഷം | SRG | P.T.A |